ണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഈ കെട്ടിടം പ്രവർത്തനക്ഷമമാകണമെങ്കിൽ ഒ.പി. ബ്ലോക്കും ഓപ്പറേഷൻ തീയേറ്ററും നിർമ്മിക്കേണ്ടതുണ്ട്. ആയതിന് 9 കോടി രൂപ മതിപ്പു ചെലവ് കണക്കാക്കിയിട്ടുണ്ട്. ഈ ജോലിക്കുള്ള ടെണ്ടർ സർക്കാരിന്റെ ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ 20% അതായത് 1.80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയെങ്കിൽ മാത്രമേ ടെണ്ടർ കമ്മിറ്റി അംഗീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. 28 ലക്ഷം രൂപ മാത്രമേ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഈ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ബാക്കി തുകകൂടി അനുവദിക്കുന്നതിനായി ധനകാര്യവകുപ്പിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഈ തുക കൂടി അനുവദിച്ചുകിട്ടിയാൽ ഒ.പി. ബ്ലോക്കിന്റേയും ഓപ്പറേഷൻ തീയേറ്ററിന്റേയും പണി ആരംഭിക്കുന്നതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് 1995-ൽ പണിതീർത്ത പേവാർഡുകൾ കുറെക്കാലമായി അടച്ചിട്ടിരിക്കുകയായിരുന്നു. 1997-ൽ ഈ പേവാർഡുകൾ ആശുപത്രി വികസന സമിതിക്ക് വിട്ടുകൊടുത്തു. കഴിഞ്ഞവർഷം തൃശ്ശൂരിൽനിന്നും ഏതാനും ചില വകുപ്പുകൾ മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റിയതിനെത്തുടർന്ന് പേവാർഡിനുള്ള ആവശ്യക്കാർ വർദ്ധിച്ചു. പേവാർഡുകൾ ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതല്ലാതെ മറ്റു പേവാർഡ് കെട്ടിടത്തിനുള്ള പണികൾ മുളങ്കുന്നത്തുകാവിൽ നടക്കുന്നില്ല. 30 പേവാർഡുകളാണ് ഇവിടെയുള്ളത്. കെ.എച്ച്.ആർ.ഡബ്ളിയു.എസ്. നിർമ്മിച്ച പേവാർഡുകൾ എച്ച്.ഡി.സി. ക്ക് നൽകിയതിനുശേഷം വളരെ നല്ല നിലയിൽ പ്രവർത്തിച്ചതിന്റെ ഫലമായി സെപ്റ്റംബർ 1998 മുതൽ മാർച്ച് 1999 വരെ 1.89 ലക്ഷം രൂപ കെ.എച്ച്. ആർ.ഡബ്ല്യു.എസ്സിന് നൽകി. മുളങ്കുന്നത്തുകാവ് ചെസ്റ്റ് ഹോസ്പിറ്റലിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വകുപ്പുകൾ താഴെപ്പറയുന്നവയാണ്.

ജനറൽ മെഡിസിൻ, ടി.ബി. ആന്റ് ചെസ്റ്റ് ഡിസീസസ്, ന്യൂറോളജി, പീഡിയാട്രിക്സ്, ഇൻഫെക്ചൽ ഡിസീസസ്, ഡെർമറ്റോളജി, വെൻറോളജി, റേഡിയോതെറാപ്പി, സൈക്കിയാട്രി.

(16) കൊച്ചി നഗരത്തിൽ മെട്രോ റയിൽവേ ഏർപ്പെടുത്തണമെന്ന ആവശ്യം

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, കൊച്ചി നഗരത്തിന്റെ വികസനത്തെ സംബന്ധിച്ച് പത്രമാദ്ധ്യമങ്ങളടക്കം മുന്നോട്ടുവച്ച നിർദ്ദേശം മെട്രോ റയിൽവേ സമ്പ്രദായം കൊച്ചി നഗരത്തിൽ ഏർപ്പെടുത്തണമെന്നുള്ളതാണ്. അതിന്റെ സാദ്ധ്യതാ പഠനം ആർക്കു നൽകണമെന്നതിനെ സംബന്ധിച്ച് ഇപ്പോഴും ഗവണ്മെന്റ് തീരുമാനിച്ചിട്ടില്ല. സാദ്ധ്യതാ പഠനം റൈറ്റ്സിനെ ഏല്പിക്കാൻ പോകുന്നുവെന്ന് ശ്രീ.എം.പി. വർഗ്ഗീസ് എം.എൽ.എ. യുടെ ചോദ്യത്തിനുള്ള ഒരു മറുപടി വന്നിട്ടുണ്ട്. ഇത് ആരെ ഏല്പിക്കണമെന്നതിനെ സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തിട്ട് ഒരു വർഷമായി ഫയൽ ഇപ്പോൾ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ മേശപ്പുറത്തിരിക്കുകയാണ്. ഈ സാദ്ധ്യതാ പഠനം ആരെ ഏല്പിക്കണമെന്നുള്ള കാര്യത്തിൽ ഇപ്പോഴും തീരുമാനം എടുക്കാൻ കഴിയാതെ മരവിപ്പിച്ചിരിക്കുകയാണ്. സാദ്ധ്യതാ പഠനം റൈറ്റ്സിനെയോ മറ്റേതെങ്കിലും ഏജൻസിയേയോ ഏൽപ്പിക്കുന്ന കാര്യത്തിൽ അടിയന്തിരമായി തീരുമാനമെടുക്കണം. ജി.സി.ഡി.എ. 35 ലക്ഷം രൂപയും കേന്ദ്ര ഗവണ്മെന്റ് 20 ലക്ഷം രൂപയും കൊടുക്കാമെന്ന് പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ കൊച്ചി നഗരവാസികൾക്കുള്ള ഉത്കണ്ഠ അറിയിച്ചുകൊണ്ട് തീരുമാനം ഉടനടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കൊച്ചി നഗരത്തിൽ മെട്രോ റയിൽവേ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാപഠനം റൈറ്റ്സിനെ ഏൽപ്പിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ടെങ്കിലും എന്ത് തുകയ്ക്ക് മേൽപ്പറഞ്ഞ പഠനം നടത്തുമെന്നതിനെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. സാധാരണഗതിയിൽ ഇമ്മാതിരി പഠനങ്ങൾ നടത്തുന്നതിന് മൊത്തം ചെലവാകുന്ന തുകയുടെ 40% കേന്ദ്ര സർക്കാർ സഹായധനമായി നൽകാറുണ്ട്. അപ്രകാരമുള്ള ധനസഹായം ലഭിക്കണമെങ്കിൽ നിർദ്ദിഷ്ടമായ ചില നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, കോമ്പറ്റിറ്റീവ് ടെണ്ടറിൽക്കൂടി മാത്രമേ പഠനം നടത്താനുള്ള ഏജൻസിയെ കണ്ടെത്താൻ കഴിയുകയുള്ളൂ. റൈറ്റ്സ് ഒരു പൊതുമേഖലാ സംരംഭം ആയതുകൊണ്ട് നടപടിക്രമങ്ങൾ നോക്കാതെ, കൊച്ചി നഗരത്തെ സംബന്ധിച്ച സാദ്ധ്യതാ പഠനം റൈറ്റ്സിനെ ഏൽപ്പിക്കാൻ തത്വത്തിൽ സർക്കാർ തീരുമാനിച്ചുവെങ്കിലും എന്ത് തുകയ്ക്ക് ഈ ജോലി ഏല്പിക്കണമെന്നുള്ള കാര്യത്തിൽ ഇപ്പോഴും തീരുമാനം ആയിട്ടില്ല. തുക നിശ്ചയിക്കപ്പെട്ടാൽ തന്നെയും ആ തുക ന്യായമാണെന്ന് കേന്ദ്ര സർക്കാരിന് ബോദ്ധ്യപ്പെടുത്തുകയും വേണം. എങ്കിൽ മാത്രമേ ഇക്കാര്യത്തിൽ കേന്ദ്ര സഹായം ലഭ്യമാകുകയുള്ളൂ. സംസ്ഥാന ചീഫ് സെക്രട്ടറി 29.10.1999-ൽ കേന്ദ്ര സർക്കാരിന് വളരെ വിശദമായ ഒരു കത്ത് അയയ്ക്കുകയുണ്ടായി. അതിന് മറുപടിയായി 6.12.1999-ൽ കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച കത്തിൽ ഇത്തരം പഠനങ്ങൾക്ക് കോംപിറ്റിറ്റീവ് ബിഡ് മുഖേന ഏജൻസിയെ കണ്ടെത്തുകയാണ് ശരിയായ നടപടിക്രമമെന്നും റൈറ്റ്സിനെ പഠനം ഏല്പിക്കാൻ 1998-ൽതന്നെ തീരുമാനിച്ച സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ എതിരഭിപ്രായമില്ലെന്നും എന്നാൽ അവർക്ക് എന്ത് തുകയ്ക്കാണ് പഠനം ഏല്പിക്കുക എന്ന് നിശ്ചയിക്കുന്നതോടൊപ്പം അതിന്റെ ന്യായാന്യായങ്ങൾ ..... തിരുവനന്തപുരം നഗരത്തിന്റെ പഠനം ഏൽപ്പിച്ചത് 38 ലക്ഷം രൂപയാണ് എന്നതും ഭോപ്പാൽ അർബൻ ഏരിയായുടെ പഠനം 42 ലക്ഷം രൂപയാണ് നൽകിയത് എന്നുമുള്ളതും വസ്തുതയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(17) മാനന്തവാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീമതി രാധാ രാഘവൻ : സർ, പിന്നോക്ക ജില്ലയായ വയനാടിനെ അവഗണിക്കുന്നു എന്നുള്ളതിന് തെളിവാണ് മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ. ബസ് ഉള്ളപ്പോൾ ഡ്രൈവറില്ല, ഡ്രൈവറുള്ളപ്പോൾ കണ്ടക്ടറില്ല എന്നുള്ളതാണ് ഡിപ്പോയുടെ സ്ഥിതി. മുപ്പതിലേറെ ജീവനക്കാർ ഇവിടെയുണ്ട്. ഇതിൽ 20 പേർ മാത്രമേ വയനാട് ജില്ലയിൽ നിന്നുള്ളൂ. അന്യസ്ഥലങ്ങളിൽനിന്ന് ഇവിടെവന്ന് ജോലി ചെയ്യുന്നവർക്ക് പ്രാഥമിക സൗകര്യം പോലുമില്ല. സ്ഥലപരിമിതി മൂലം ഇത്രയേറെ ബുദ്ധിമുട്ടുന്ന ഒരു ഡിപ്പോ കേരളത്തിൽ വേറെയില്ല എന്നുള്ളതാണ് വസ്തുത. അഞ്ചോളം ബസ്സുകൾ മാത്രമേ ഡിപ്പോയ്ക്കുള്ളിൽ കയറ്റിയിടാൻ പറ്റുകയുള്ളൂ. മറ്റുള്ള ബസ്സുകൾ മഴയായാലും വേനലായാലും പുറത്ത് ഇടേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. 46

LIBRARY ARCHIVES Kerala Legislative Assembly